കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൊറയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം. 22/213/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി: 04-03-2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൊറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4) കാര്യാലയ പകർപ്പ്

എം.എ).7-5-20

നം കെ.എസ്.എ.എം.പി.എം.22/213/2020

തിയതി: 04-03-2020

<u>മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.12.18 മുതൽ 05.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-01-2020 മുതൽ 18-01-2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ(HG) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ.എം സലീം മാസ്റ്റർ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ഗോപാലകൃഷ്ണൻ. കെ | 01.04.2018 മുതൽ 20.03.2019 വരെ |
| | ശ്രീമതി. സുസ്മിത ജോസ് (സെക്രട്ടറി ഇൻ ചാർജ്) | 21.03.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ഷീജാ ബീവി പി.എച്ച് | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ. ഗോപാലകൃഷ്ണൻ. കെ (അസി.സെക്രട്ടറി ഇൻ ചാർജ്) | 22.06.2018 മുതൽ 11.07.2018 വരെ |
| | ശ്രീമതി. സുസ്മിത ജോസ് | 12.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. റിസ്വാന പുലിക്കുത്ത് | 01.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീ. ഗിരീഷ് എ | 01.05.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി. റിസ്വാന പുലിക്കുത്ത് | 01.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. വിനു എം നമ്പൂതിരി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദു വിലങ്ങപ്പുറം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സയ്യിദ് നസീറുല്ല | 01.04.2018 മുതൽ 31.12.2018 വരെ, 01.03.2019 മുതൽ 31.03.2019 വരെ |
| | ഡോ. ഷമീമ തസ്നി അവുഞ്ഞിപ്പുറം | 01.01.2019 മുതൽ 28.02.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷർജാൻ അഹമ്മദ് ഇ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രമണി. കെ | 01.04.2018 മുതൽ 06.07.2018 വരെ |
| | ശ്രീമതി. ആസ്യ വാക്കയിൽ | 07.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷെബിൻ ടി.പി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി. മീനാക്ഷി ടി | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. പ്രജീഷ് പി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഡി&ഒ/ഫാക്ടിയോസ് ലൈസൻസ് അപാകതകൾ | 1-12 |
| 13 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. | 1-13 |
| 14 | തൊഴിൽ നികുതി-ഈടാക്കിയില്ല | 1-14 |
| 15 | റേഷൻകടകൾ ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കുന്നില്ല. | 1-15 |
| 16 | അനധികൃത കെട്ടിട നിർമ്മാണം | 1-16 |
| 17 | 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചു, 13454/- രൂപ നഷ്ടം. | 1-17 |
| 18 | പഞ്ചായത്ത് പരിധിയിലെ ഫുട്ബോൾ ടർഫുകളെ സംബന്ധിച്ച് | 1-18 |
| 19 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-19 |
| 20 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 1-20 |
| 21 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 1-21 |
| 22 | ഭൂജല സർവേ നടത്തുന്നതിന് മുൻകൂറായി പണം നൽകിയത് - തുടർ നടപടി രേഖകൾ ലഭ്യമല്ല. | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ - ₹ 33117 തിരിച്ചടച്ചു | 1-23 |
| 24 | കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. | 1-24 |
| 25 | റോഡിന്റെ ഉപരിതലം തകർന്നു. | 1-25 |
| | | |

| | | |
|---|---|---|
| 26 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-26 |
| 27 | അംഗൻവാടി പോഷകാഹാര പദ്ധതി - സപ്ലൈ ചെയ്യാത്ത സാധനത്തിന് പണം നൽകി | 1-27 |
| 28 | ഭവന നിർമ്മാണം - ആദ്യ ഗഡു കൈപ്പറ്റി - വഴി തർക്കം കാരണം പാതി വഴിയിൽ ഉപേക്ഷിച്ചു- | 1-28 |
| 29 | കൊടുത്ത തുകക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല | 1-29 |
| 30 | വിദ്യാലയത്തിലോ ഡേ കെയർ സെന്ററിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് അധിക ധനസഹായം നൽകി | 1-30 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | വിദ്യാലയത്തിലോ ഡേ കെയർ സെന്ററിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് അധിക ധനസഹായം നൽകി | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 35 | മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 46 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./ | 01(1)/26-03- |

| | |
|---|---|
| തിയ്യതി | 2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 01/12-02-2019 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 27.05.2019 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32661269 |
| വരവ് | 68372584 |
| ആകെ | 101033853 |
| ചെലവ് | 68423217 |
| നീക്കിബാക്കി | 32610636 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17312281 | 17312281 | 17312281 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 588600 | 588600 | 4803886 | 1082114 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 100000 | 100000 | 0 | 100000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7764000 | 7764000 | 6344374 | 1419626 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3608000 | 3608000 | 2061174 | 1546826 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8036000 | 8036000 | 5658252 | 2377748 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | - | - | - | - |
| സാക്ഷരത | | 964 | 22433 | 23397 | 23397 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11350996 | 11350996 | 11350996 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 55637 | 325260 | 380897 | 315742 | 65155 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| SSA | | 127531 | 25380 | 152911 | 1373 | 151538 |
| TSC | | 979505 | 1292069 | 2271574 | 181758 | 2089816 |
| ICDS | | 1011430 | 1332950 | 2344380 | 1500000 | 844380 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2382640 | 2382640 | 2129586 | 253054 |
| | ജില്ലാ പഞ്ചായത്ത് | 31514 | 904711 | 936225 | 899591 | 5619 |
| ബി ഫണ്ട് | | 0 | 42043520 | 42043520 | 42043520 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5416427 | 12140732 | 17557159 | 11603780 | 613086 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15667850 | 10683156 | 26351006 | 4668969 | 21682037 |
| | ട്രഷറി അക്കൗണ്ട് | 13216796 | 17292172 | 30508968 | 24318478 | 6190490 |
| ജലനിധി | | 500 | 0 | 0 | 0 | 0(A/C Closed) |

കുറിപ്പ്: സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 31514 രൂപയിൽ 31015 രൂപ 21.05.18 ന് തിരിച്ചടവാക്കി. ബാക്കി 499 രൂപയാണ് അക്കൗണ്ടിൽ മുന്നിരിപ്പായി ഉണ്ടായിരുന്നു.

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 82768007 | 176 | 53678550 | 0 | 52 | 77.19 |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 55637 | 325260 | 380897 | 315742 | 65155 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11350996 | 11350996 | 11350996 | 0 |
| ആകെ | 55637 | 11676256 | 11731898 | 11666738 | 65155 |

# 1-7 ക്ഷേമ പദ്ധതികൾ

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 340920 | 203 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4708800 | 361 |
| വിധവാ പെൻഷൻ | 15820200 | 1277 |
| വാർദ്ധക്യകാല പെൻഷൻ | 15456500 | 1343 |
| വികലാംഗ പെൻഷൻ | 5313900 | 361 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 233600 | 19 |
| നെല്ലുൽപ്പാദന ബോണസ് | 19600 | 53 |

# 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22957 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം വിതരണം ചെയ്യുന്ന തപാലുകൾ തിയതി രേഖപ്പെടുത്താതെയാണ് സെക്ഷൻ കൈപ്പറ്റുന്നത്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2019 | 01/11/2019 മുതൽ 30/11/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.3.2008 | 2002-03 മുതൽ 2005-06 വരെ | 11.12.2015 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം22/1198/2019/03.08.2019 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1- B 11 -ലെ ഫിക്സഡ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധവിവരങ്ങൾ

പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2-പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 വർഷത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ

താഴെ പറയുന്ന ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 93080/18-05-12 | 6483 | മൊറയൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 2 | 110001/20-11-15 | 4500 | - ടി- |

3- വാർഷികകണക്കുപ്രകാരം ട്രഷറി ടി. എസ് .ബി അക്കൗണ്ടിലെ 31-03-19-ലെ നീക്കിയിരിപ്പ് 6190490 രൂപയാണ്. എന്നാൽ 1.9.2018 മുതലുള്ള പാസ് ബുക്ക് ഹാജരാക്കാത്തതിനാൽ റീകൺസിലിയേഷൻ നടത്തിയത് പരിശോധിക്കാനായിട്ടില്ല.

4- മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നതിന് പകരം മറ്റൊരു TR 7A കാഷ്ബുക്കിലാണ് പഞ്ചായത്ത് ഫണ്ടിന്റെ വരവ്ചെലവ് രേഖപ്പെടുത്തുന്നത്. ഡിപ്പാർട്ട്മെന്റ് വരവ് ചെലവുകൾ രേഖപ്പെടുത്തുന്ന TR 7A കാഷ്ബുക്കിൽ ഇവ രേഖപ്പെടുത്തുന്നുമില്ല. അത് പോലെ പ്രോജക്റ്റ് രജിസ്റ്ററിൽ 2018-19 -ലെ വിവരങ്ങൾ ചേർത്തിട്ടില്ല. അത് പോലെ ഐ.സി.ഡി.എസ് സൂപ്പർവൈസറും പ്രോജക്റ്റ് രജിസ്റ്റർ എഴുതിയിട്ടില്ല.

5-ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6- റസീറ്റ് & പേയ്മെന്റിലെ RP -7 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 63,34,631 രൂപ വരവുണ്ട്. എന്നാൽ ACR പ്രകാരം 63,44,374 രൂപയാണ് വരവ്/ചെലവ്. 9743 രൂപയുടെ വ്യത്യാസം കാണുന്നു.

7- ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

8-സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 4827663 | 4827663 | 0 |
| | കുടിശ്ശിക | 382554 | 472087 | 89533 |
| കളക്ഷൻ | തൻവർഷം | 4786420 | 4827663 | 41243 |
| | കുടിശ്ശിക | 472087 | 472087 | 0 |
| ബാലൻസ് | തൻവർഷം | 41243 | 0 | 41243 |
| | കുടിശ്ശിക | 89533 | 0 | 89533 |

9-ഡി & ഒ ലൈസൻസ് അഡ്വാൻസ് കളക്ഷൻ ഇനത്തിൽ ലഭിച്ച തുക , മോട്ടോർ റണ്ണിംഗ് ഫീ എന്നിവ രജിസ്റ്ററിലെ വിവരങ്ങളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | വാർഷികകണക്ക് പ്രകാരം (2017-18,B-9) | രജിസ്ററർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| അഡ്വാൻസ് കളക്ഷൻ | 817725 | 75800 | 5925 |
| മോട്ടോർ റണ്ണിംഗ് ഫീ | 93730 | 23060 | 70670 |

10-വാർഷികകണക്കുകൾ പ്രകാരം പാരാമെഡിയ്ക്കൽ സ്ഥാപനങ്ങളുടെ രജി. ഫീ,ലേലം എന്നീ ഇനങ്ങളിൽ യഥാക്രമം 1250രൂപ, 9500 രൂപ എന്നിങ്ങനെ വരവു കാണുന്നു. ഇവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11- AFS പ്രകാരമുള്ള ലൈബ്രറി സെസ്സ് ഇനത്തിലെ ഡിമാന്റ് കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളിൽനിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| AFS പ്രകാരം | 270433 | 270433 | 0 |
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 679270 | 467201 | 212069 |

12- റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ തുകകൾ പാസ് ബുക്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്/ വാർഷികകണക്ക് എന്നിവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | പാസ്ബുക്ക് പ്രകാരം | റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്/ വാർഷികകണക്ക് | വ്യത്യാസം |
|---|---|---|---|
| SBI മോങ്ങം (67351137052) | 2561724 | 2572225 | 10501 |
| സ്പെഷ്യൽ ടി.എസ്.ബി (ജോയിന്റ് വെഞ്ചർ) | 10798407 | -154057 | 10644350 |

13- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

14- 2017-18 വാർഷികക്കണക്കിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

15- MGNREGA – യിലെ നീക്കിയിരിപ്പ് 65155 രൂപ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി - 4

ൽ ഉൾപ്പെടുത്തിയിട്ടില്ല.

16 – എസ്.എസ്.എ ഇനത്തിൽ രേഖപ്പെടുത്തിയ ബാധ്യത നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 ഡി&ഒ/ഫാക്ടിയോസ് ലൈസൻസ് അപാകതകൾ

1) ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി,

സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ, ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. 31.10.17 പ്രാബല്യത്തിലുള്ള ഉത്തവ് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഴയ മാതൃകയിൽ തന്നെയാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചതും ലൈസൻസ് നൽകിയതും. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല, മേൽ ഉത്തരവ് യഥാസമയം നടപ്പിലാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

2) ലൈസൻസ് ഇല്ലാതെ ആശുപത്രി,പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു.

പഞ്ചായത്തു പരിധിയിൽ താഴെ പറയുന്ന ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും 2018-19ൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അവയ്യൊന്നും തന്നെ ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടില്ല . വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനം |
|---|---|
| 1 | അജ്മൽ ഹോസ്പിറ്റൽ മോങ്ങം |
| 2 | ക്രസന്റ് ക്ലിനിക്ക്, മോങ്ങം |

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 02/09.01.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനും സർക്കാർ ഉത്തരവ് നടപ്പാക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-13 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച ചില സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം, കെട്ടിട നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 18 | ഷിഫ സ്പെഷ്യാലിറ്റി ലാബ്, മോങ്ങം. 5/400 |
| 2 | 159 | മൈ ക്ലിനിക്, മൊറയൂർ, 13/128, 13/129 |
| 3 | 185 | ബയോ മെഡിക്കൽ ലബോറട്ടറി, മൊറയൂർ, 14/210 |
| 4 | 311 | ഹെൽത്തി സ്റ്റൈൽ ഡെന്റൽ കെയർ, മൊറയൂർ, 12/349 |
| 5 | ലഭ്യമല്ല | ക്രസന്റ് ക്ലിനിക്(തൊഴിൽ നികുതി അടവാക്കുന്നുണ്ട്) |
| 6 | ലഭ്യമല്ല | അജ്മൽ ആശുപത്രി(തൊഴിൽ നികുതി അടവാക്കുന്നുണ്ട്) |

ഇത്തരം അപാകത മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതാണ്. മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്റ്ററും രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലായെങ്കിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/09.01.2020 ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ സ്വകാര്യ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതും മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പിഴകളും ഈടാക്കി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-14 തൊഴിൽ നികുതി-ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി-ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദ വിവരം താഴെ പറയുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക/സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം, വരുമാനം |
|---|---|---|---|
| 1 | പ്രസാദ് സി | പോസ്റ്റ് ഓഫീസ് അരിമ്പ്ര | II, ലഭ്യമല്ല. (ആദ്യ അർദ്ധവർഷം അടവാക്കിയിട്ടുണ്ട്) |
| 2 | ഷാഹുൽ ഹമീദ് | പാലിയേറ്റീവ് ഡ്രൈവർ | I, II - |
| 3 | അഖിൽ നായർ | ഡോക്ടർ, PHC-മൊറയൂർ(NRHM) | II, ലഭ്യമല്ല. (ആദ്യ അർദ്ധവർഷം അടവാക്കിയിട്ടുണ്ട്) |
| | | | |

| | | | |
|---|---|---|---|
| 4 | ഫായിസ് | സ്റ്റാഫ് നഴ്സ്, PHC-മൊറയൂർ( NRHM) | II, ലഭ്യമല്ല. (ആദ്യ അർദ്ധവർഷം അടവാക്കിയിട്ടുണ്ട്) |

**<u>2) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>**

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 327 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്, അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ, തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള8 ട്രേഡിംഗ് സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്നതും ഒന്നിലധികം പേർ ജോലി ചെയ്യുന്നതായി ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങൾ നിരവധിയുണ്ട്. അത്തരം സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത്തരത്തിൽ നാലും അതിലധികവും ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 323 | നിയ ചപ്പൽ മൊറയൂർ-ചെരുപ്പ് സ്ട്രാപ്പ് നിർമ്മാണം | 10 |
| 2 | 128 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്-അമൃതം ന്യൂട്രിമിക്സ് നിർമ്മാണം | 9 |
| 3 | 154 | ഭാരത് ബ്രഡ്, മോങ്ങം, ബ്രഡ് നിർമ്മാണം | 5 |
| 4 | 1 | ക്വാറി, മുഹമ്മദലി,പി | 4 |
| 5 | 126 | ബ്ലൂബെറി ബേക്സ്-ബേക്കറി, കൂൾ&കോഫി ബാർ | 4 |
| 6 | 168 | കെ.സി ഫുഡ് പ്രൊഡക്ട്,ഒഴുകൂർ-ബ്രഡ്,റസ്ക്,ബൺ നിർമ്മാണം | 4 |
| 7 | 244 | റോയൽ ട്രേഡേഴ്സ്, മോങ്ങം-അരി, ഗോതമ്പ്, എണ്ണ....വിൽപ്പന | 4 |
| 8 | 257 | സി.കെ ഗോൾഡ് വർക്ക്സ്, മോങ്ങം-ജ്വല്ലറി വർക്ക് നടത്തിപ്പ് | 4 |
| 9 | 276 | വിൻഗേറ്റ് ട്രേഡേഴ്സ്-പലചരക്ക് മൊത്ത വ്യാപാരം | 4 |

| | | | |
|---|---|---|---|
| 10 | 290 | ഷോപ്പ് ഇൻ വൺ സൂപ്പർ മാർക്കറ്റ് | 4 |
| 11 | - | ഉമ്മുൽ ഖുറാ ഹയർ സെക്കണ്ടറി സ്കൂൾ | (കുറിപ്പ്: റിട്ടേൺ സമർപ്പിച്ചിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കുന്നില്ല) |
| 12 | - | ലിറ്റിൽ ഇന്ത്യ പബ്ലിക് സ്കൂൾ | |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തില് കുറഞ്ഞത് ഒരു ജീവനക്കാരനെങ്കിലും ഉണ്ടായിരിക്കുന്നതാണ്. ആകെയുള്ള 327 സ്ഥാപനങ്ങളിൽ 8 എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 319 സ്ഥാപനങ്ങളിലെയും ഓരോ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഇത്തരം നടപടികളുണ്ടായതായും കാണുന്നില്ല.

ക്രമനം.1, 2 അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/09.01.2020ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതും മുകളിലെ ക്രമനം.1, 2 എന്നിവയിലെ പട്ടികകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 1-15 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്

സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും നാളിതുവരെ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 03/09.01.2020ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമപരമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-16 അനധികൃത കെട്ടിട നിർമ്മാണം

മൊറയൂർ ഗ്രാമപഞ്ചായത്തിൽ BL57/275/2-2 സർവേ നമ്പറിൽ 649.6 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ രണ്ട് നില കെട്ടിടം നിർമിക്കുന്നതിന് ശ്രീ മുഹമ്മദ് ബഷീർ , ഹംസ എന്നിവർക്ക് A3/BA(121545)/2018 Dt. 19.06.2018 പ്രകാരം പെർമിറ്റ് നൽകുകയും കെട്ടിട നിർമാണം പൂർത്തീകരിച്ച് 12/378 A to Z & 12/378 AA to AE വരെയും നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

കെട്ടിടം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടം നിർമിക്കുന്നത് സമീപത്തെ സ്ഥലത്തിന്റെ അതിരിൽ നിന്നും നിയമപ്രകാരമുള്ള അകലം പാലിക്കാതെയാണ് എന്ന് പരാതി ലഭിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ 18.01.2020 ന് പഞ്ചായത്തിലെ ജിവനക്കാരുടെ സാനിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് കെട്ടിടം പരിശോധിക്കുകയുണ്ടായി.

പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1) പഞ്ചായത്തിൽ നിന്ന് അനുമതി നൽകിയ പ്രകാരം ആദ്യത്തെ രണ്ടു നിലകളുടെ(ഭൂനിരപ്പ് നില, ഒന്നാം നില) നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

2) അനുമതി നേടി നമ്പർ നൽകിയ രണ്ട് നില കെട്ടിടത്തിന് മുകളിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ രണ്ട് നിലകൾ(രണ്ടാം നില, മൂന്നാം നില) കൂടി നിർമിക്കുകയും അതിൽ TALENT PLUS എന്ന പേരിൽ ട്യൂഷൻ സെന്റർ പ്രവർത്തിക്കുകയും ചെയ്യുന്നു.

3) പഞ്ചായത്തിൽ നിന്ന് അംഗീകാരം നൽകിയ പ്ലാൻ പ്രകാരം വാഹന പാർക്കിംഗ് ഏരിയ ആയി കാണിച്ച സ്ഥലത്ത് അനധികൃതമായി വാഹന വർക്ക് ഷോപ്പ് പ്രവർത്തിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

ഈ കെട്ടിടം എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. നിയമപ്രകാരമല്ലാതെ

നിർമിക്കപ്പെട്ട കെട്ടിടമായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ കെട്ടിട നിർമാണം ക്രമവൽകരിച്ച് മുകളിൽ ചേർത്ത വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 21/18-01-2020ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിലെ അനധികൃത നിർമാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമാണ ചട്ടങ്ങൾ ) പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചു, 13454/- രൂപ നഷ്ടം.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന (നം. A3 3085/2011 തിയതി. 02.01.2011) പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് നികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ ആകെ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങളെ സഞ്ചയയിൽ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടമെന്ന് തെറ്റായി വിവരം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് ഈടാക്കിയതിനാൽ വസ്തു നികുതിയിനത്തിൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| കെട്ടിട ഉടമയുടെ പേര്/ കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ/ പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി/ തിയ്യതി | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | കുറവ് വന്ന നികുതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | നികുതി | LC | നികുതി | LC | നികുതി | LC | |
| 1) ശ്രീ. തറി അബ്ദുൽ ബഷീർ, | 17/455 A, 17.5 $m^2$ | 578 | 29 | 963/- (17.5x50 =875-10%+20%=963) | 48 | 385 | 19 | ഇളവ്: 10% (ദ്വിതീയ മേഖല) |
| വാണിജ്യം(100 ച.മീ മുകളിൽ). | 17/455 B, 17.5 $m^2$ | 578 | 29 | 963/- (17.5x50 =875-10%+20%=963) | 48 | 385 | 19 | വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| നികുതി നിർണ്ണയിച്ച / ഈടാക്കിയ തിയതി:21-06-18 | 17/455 C, 14 $m^2$ | 462 | 24 | 770/- (14x50 =700-10%+20%=770) | 39 | 308 | 15 | |
| | 17/455 D, 24.8 $m^2$, I | 779 | 39 | 1296/- ((24.8x50 =1240- | 65 | 517 | 26 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Floor | | | 10%+20%)-5%=1296) | | | | |
| | 17/455 E, 21.09 $m^2$, I Floor | 687 | 35 | 1145/- ((21.9x50 =1095-10%+20%)-5%=1145) | 57 | 458 | 22 | |
| | 17/455 F, 21.09 $m^2$, I Floor | 687 | 35 | 1145/- ((21.9x50 =1095-10%+20%)-5%=1145) | 57 | 458 | 22 | |
| | 17/455 G, 21.09 $m^2$, I Floor | 687 | 35 | 1145/- ((21.9x50 =1095-10%+20%)-5%=1145) | 57 | 458 | 22 | |
| 2) ശ്രീ. മണ്ണിൽതൊടി മമ്മദിശ,<br>വാണിജ്യം(100 ച.മീ മുകളിൽ).<br>നികുതി നിർണ്ണയിച്ച / ഈടാക്കിയ തിയതി:25-07-18 | 2/415 A, 20.5 $m^2$ | 677 | 34 | 1128/- (20.5x50 =1025-10%+20%=1128) | 56 | 451 | 22 | ഇളവ്: 10% (ദ്വിതീയ മേഖല)<br>വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 2/415 B, 23.3 $m^2$ | 769 | 39 | 1282/- (23.3x50 =1165-10%+20%=1282) | 64 | 513 | 25 | |
| | 2/415 C, 25.6 $m^2$ | 845 | 43 | 1408/- (25.6x50 =1280-10%+20%=1408) | 70 | 563 | 27 | |
| | 2/415 D, 29.8 $m^2$ | 984 | 50 | 1639/- (29.8x50 =1490-10%+20%=1639) | 82 | 655 | 32 | |
| | 2/415 E, 07.5 $m^2$ | 248 | 13 | 413/- (7.5x50 =375-10%+20%=413) | 21 | 165 | 8 | |
| | 2/415 F, 27.5 $m^2$, I Floor | 863 | 44 | 1437/- ((27.5x50 =1375-10%+20%)-5%=1437) | 72 | 574 | 28 | |
| | 2/415 G, 31 $m^2$, I Floor | 972 | 49 | 1620/- ((31x50 =1550-10%+20%)-5%=1620) | 81 | 648 | 32 | |
| | 2/415 H, 32.5 $m^2$, I Floor | 1020 | 51 | 1699/- ((32.5x50 =1625-10%+20%)-5%=1699) | 85 | 679 | 34 | |
| | 2/415 I, 39 $m^2$, I Floor | 1223 | 62 | 2038/- ((39x50 =1950-10%+20%)-5%=2038) | 102 | 815 | 40 | |
| 3) ശ്രീ. അബ്ദുൽ റഹ്മാൻ, സുലൈമാൻ അബ്ദുൽ സമീർ,<br>വാണിജ്യം(100 ച.മീ മുകളിൽ).<br>നികുതി നിർണ്ണയിച്ച / ഈടാക്കിയ തിയതി:02-06-18 | 6/525 A, 29 $m^2$ | 1044 | 53 | 1740/-(29x50 =1450+20%=1740) | 87 | 696 | 34 | ഇളവ്: ഇല്ല(പ്രഥമ മേഖല)<br>വർദ്ധന:20% (5മീറ്റർ കൂടുതൽ വീതിയിലുള്ള വഴി സൗകര്യം) |
| | 6/525 B, 20 $m^2$ | 720 | 36 | 1200/-(20x50 =1000+20%=1200) | 60 | 480 | 24 | |
| | 6/525 C, 41 $m^2$ | 1476 | 74 | 2460/-(41x50 =2050+20%=2640) | 123 | 984 | 49 | |
| | 6/525 D, 38 $m^2$ I Floor | 1300 | 65 | 2166/-((38x50 =190+20%)-5%)=2166) | 108 | 866 | 43 | |
| | 6/525 E, 28.43 $m^2$ I Floor | 973 | 49 | 1621/-((28.43x50 =1421.5+20%)-5%)=1621) | 81 | 648 | 32 | |
| | 6/525 F, 49 | 1676 | 84 | 2793/-((49x50 | 140 | 1117 | 56 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | $m^2$ I Floor | | | =2450+20%)-5%)=2793) | | | | |
| ആകെ കുറവ് | | | | | | 12823 | 631 | |

ആകെ 13454/- രൂപ (12823+631) നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 16/16.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ക്ലറിക്കൽ പിശക് കാരണമാണ് അപാകത സംഭവിച്ചതെന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചു. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർ നിർണ്ണയിക്കുകയും നഷ്ട തുക 13454/- രൂപ ഈടാക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 പഞ്ചായത്ത് പരിധിയിലെ ഫുട്ബോൾ ടർഫുകളെ സംബന്ധിച്ച്

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2(ac) പ്രകാരം ഭൂമിയുടെ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ നിർമ്മിക്കൽ പോലെയുള്ള പ്രവൃത്തികളെ 'ഭൂവികസനം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഭൂവികസന പെർമിറ്റ് നേടേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആധുനിക രീതിയിലുള്ള ടർഫ് കളിസ്ഥലങ്ങൾ നിർമ്മിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതോ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതോ ആയ ഫുട്ബാൾ ടർഫുകളുടെ വിവരങ്ങളും അവയുടെ പെർമിറ്റ് വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/09.01.2020ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂവികസന പെർമിറ്റ് നേടിയാണ് ടർഫുകൾ നിർമ്മിക്കേണ്ടത് എന്നതിനാൽ ഇത്തരം നിർമ്മാണങ്ങൾക്ക് 1 ആർ ഭൂവിസ്തീർണ്ണത്തിന് 500/- രൂപ എന്ന നിരക്കിൽ ഫീ ഈടാക്കി (ക്രമവത്കരണമാണെങ്കിൽ ഇതിന്റെ ഇരട്ടി) വികസന പെർമിറ്റ് നൽകേണ്ടതാണ് / ക്രമവത്കരിക്കേണ്ടതാണ്.

# 1-19 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ / എയ്ഡഡ് /നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ/ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016 ലെ നം 792455/ഇ.ഡബ്ല്യു3/2016 നമ്പർ സർക്കുലറിൽ വ്യക്തമായി നിർദേശിച്ചതാണ്.

പഞ്ചായത്തിൽ നിന്ന് 2019-20 വർഷത്തേക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ 11 സ്ഥാപനങ്ങൾ മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചത് എന്ന് വ്യക്തമായി. ഇവ എല്ലാംതന്നെ സർക്കാർ/ എയ്ഡഡ് സ്കൂളുകളാണ്.

പഞ്ചായത്തിലെ അംഗൻവാടികൾ ഉൾപ്പെടെയുള്ള പ്രീ പ്രൈമറി സ്ഥാപനങ്ങളും, നോൺ എയ്ഡഡ് സ്കൂളുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷപോലും നൽകിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

മരാമത്ത് പ്രവൃത്തികളുടെ സ്ഥല പരിശോധന നടത്തുന്നതിന്റെ ഭാഗമായി 15.01.2020 ന് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ ഓഡിറ്റ് സന്ദർശിച്ചതിൽ ഈ പഞ്ചായത്തിൽ മോങ്ങം അരിമ്പ്ര റോഡിൽ തടപ്പറമ്പ് ഭാഗത്ത് ഉമ്മുൽ ഖുറാ ഹയരിസെക്കണ്ടറി സ്കൂൾ , ലിറ്റിൽ ഇന്ത്യ പബ്ലിക് സ്കൂൾ എന്നീ രണ്ട് നോൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി വ്യക്തമായി.

വിവിധ വിദ്യാഭ്യാസ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടില്ല.

പഞ്ചായത്തിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 18ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-20 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-21 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 154 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 113 പ്രൊജക്ടുകളിലായി ആകെ 18247314രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 154 | ആകെ അടങ്കൽ | 32852673 |
| നടപ്പിലാക്കിയത് | 113 | ചെലവ് | 18247314 |
| ശതമാനം | 73.38 | ചെലവ് ശതമാനം | 55.54 |

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ജീവനക്കാർ പരിമിതമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ഇത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും തടസ്സമാകുമെന്ന് കാണുന്നു.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ഇത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ) പ്രൊജക്റ്റിൽ സൂക്ഷിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III)ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

തൻവർഷം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വിവരം ചെലവ് , റോഡ് പ്രവൃത്തികളുടെ ചെയിനേജ് എന്നീ വിവരങ്ങൾ സഹിതം ആസ്തി രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം പൂർണ്ണമായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 ഭൂജല സർവേ നടത്തുന്നതിന് മുൻകൂറായി പണം നൽകിയത് - തുടർ നടപടി രേഖകൾ ലഭ്യമല്ല.

2018- 19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളിലെ ജല സ്രോതസ്സുകളുടെ ജല ലഭ്യത സംബന്ധിച്ച ഭൂജല സർവേ നടത്തുന്നതിന് കേരള ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം സർവേ നടത്തിയതിന്റെ റിപ്പോർട്ട്, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| വിവിധ SC കോളനികളിൽ കുടിവെള്ള പദ്ധതി.(134/19) | 12880<br>Bill No 78/18-19 dt.25.3.19 | 7 സ്ഥലങ്ങളിൽ സർവേ നടത്തുന്നതിന് @1840 നിരക്കിൽ നൽകിയത്. |
| പഞ്ചായത്ത് ആയുർവേദ ആശുപത്രിക്ക് കുടിവെള്ള പദ്ധതി.(256/19) | 1840<br>Bill No 80/18-19 dt.25.3.19 | സർവേ നടത്തുന്നതിന് @1840 നിരക്കിൽ നൽകിയത്. |
| വിവിധ കുഴൽ കിണറുകളുടെ നിർമാണം ( 124/19) | 20240<br>Vr No | 11 സ്ഥലങ്ങളിൽ സർവേ നടത്തുന്നതിന് @1840 നിരക്കിൽ നൽകിയത്. |

സർവേ റിപ്പോർട്ട്, അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നത്വരെ ചെലവ് ₹ 34960 തടസ്സം ചെയ്യുന്നു.

# 1-23 മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ - ₹ 33117 തിരിച്ചടച്ചു

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയതിലെ തെറ്റ് മൂലം കരാറുകാർക്ക് അധികം നൽകിയ ₹33117ഓഡിറ്റ് എൻക്വയറി 07/13-1-20, 17/16-1-20 എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ തിരിച്ചടച്ചു.

| പ്രവൃത്തി | തുക | രസീത് നം |
|---|---|---|
| ചൂലൻതൊടി ആലുങ്ങൽകുണ്ട് നടപ്പാത (പ്രൊജ നമ്പർ 35/19 ) | ₹5335 | 119080106000/14-1-20 |
| ചുള്ളീരി അത്തിക്കുന്ന് റോഡ് പുനരുദ്ധാരണം (പ്രൊജ നമ്പർ 116/19 ) | ₹27782 | 119080106119/17-1-20 |

ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-24 കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

പ്രവർത്തനം നിലച്ച പഴയ ചക്കുംപുറം കുടിവെള്ള പദ്ധതി പുനരുദ്ധരിക്കുന്നതിന് പമ്പിങ്ങ് മെയിൻ / വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്നതിനായി ₹135299 ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ -2687929/07.12.2018 ). ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കുടിവെള്ള പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് വ്യക്തമായി. കുടിവെള്ള പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാവാത്തതിനാൽ പ്രവൃത്തിക്ക് ചെലവഴിച്ച പണം ഉപയോഗപ്രദമാവാതെ പാഴ്ച്ചെലവാകുകയാണ്.

കുടിവെള്ള പദ്ധതി എത്രയും പെട്ടന്ന് പ്രവർത്തനക്ഷമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക ₹ 135299 തടസ്സം ചെയ്യുന്നു.

# 1-25 റോഡിന്റെ ഉപരിതലം തകർന്നു.

2018-19 വർഷത്തിൽ മുല്ലത്തൊട്ടു കുഞ്ഞിത്തൊട്ടു റോഡ് കോൺക്രീറ്റ് (247/19) എന്ന പ്രൊജക്ട് പ്രകാരം ₹ 199780 ചെലവഴിച്ച് ഉപരിതലം കോൺക്രീറ്റ് ചെയ്ത റോഡിന്റെ ഉപരിതലത്തിലെ കോൺക്രീറ്റ് പൊടിഞ്ഞ് പോയി ഉപരിതലം നശിച്ച കൊണ്ടിരിക്കുന്ന നിലയിലാണ് ഓഡിറ്റിന്റെ ഭാഗമായി 15.01.2020 ന് ഗ്രാമപഞ്ചായത്ത് ഓവർസിയർ കുമാരി സ്മിത വി.ടി യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കാണപ്പെട്ടത്.

കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയിലെ തകരാർ പരിഹരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓഡിറ്റിന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

# 1-26 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ്, ടാറിംഗ് ഉൾപ്പെടെ കുറഞ്ഞ കാലയളവിൽ പൂർത്തീകരിക്കാവുന്ന പ്രവൃത്തികൾക്ക് പോലും ആറ് മുതൽ ഒൻപത് മാസം വരെ പൂർത്തീകരണ കാലയളവ് നൽകിയിട്ടുണ്ട്.

<u>V.iv.കാലാവധി ദീർഘീകരണം (Extension of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല.

ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൽശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അംഗൻവാടി പോഷകാഹാര പദ്ധതി - സപ്ലൈ ചെയ്യാത്ത സാധനത്തിന് പണം നൽകി

അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്റ്റ് നമ്പർ 13/19) ഭാഗമായി മലബാർ അഗ്രികൾച്ചറൽ ആന്റ് ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 28-04-2018 -ലെ 2 -ാം നമ്പർ ഇൻവോയ്സ് പ്രകാരം 5,45,931 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ വിവിധ അംഗൻവാടികളിലേക്ക് ഇറക്കിയിരുന്നു. ഇൻവോയ്സ് പ്രകാരം 785 കിലോഗ്രാം ശർക്കരയാണ് ലഭിച്ചിട്ടുള്ളതെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ 1365 കിലോഗ്രാം ശർക്കര ലഭിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്ഥാപനത്തിന്റെ 05-07-2018 -ലെ 8 -ാം നമ്പർ ഇൻവോയ്സ് പ്രകാരം ഇറക്കിയ 600 കിലോഗ്രാം ശർക്കരയും കൂടി ചേർത്താണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. എന്നാൽ അത് രണ്ടും ചേർത്താൽ 1385 കിലോഗ്രാം ശർക്കരയാണ് കിട്ടേണ്ടത്. ശർക്കര ഇറക്കുന്ന സമയത്ത് അംഗൻവാടി വർക്കർമാർ ഒപ്പിട്ടു നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരവും 1365 കിലോഗ്രാം ശർക്കരയെ ലഭിച്ചിട്ടുള്ളൂ. എന്നാൽ 23-06-18 -ലെ 2/18-19 നമ്പർ ബിൽ പ്രകാരം മേൽ സ്ഥാപനത്തിന് 20 കിലോഗ്രാം ശർക്കരയുടെ വില 1080 (20X 54)രൂപ അധികം നൽകിയിട്ടുണ്ട്.

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 16-01-2020 -ന് നൽകിയ 13 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ 1080/- രൂപ 25-01-2020 -ലെ 119080106346 നമ്പർ രസീത് പ്രകാരം തിരികെ അടവാക്കിയതായി അറിയിക്കുകയുണ്ടായി.

ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതാണ്.

## 1-28 ഭവന നിർമ്മാണം - ആദ്യ ഗഡു കൈപ്പറ്റി - വഴി തർക്കം കാരണം പാതി വഴിയിൽ ഉപേക്ഷിച്ചു-

വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 3/19, 'ഭൂമിയുള്ള ഭവന രഹിതർക്ക് വീട്' എന്ന

പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി. നസീറ ബംഗാളത്ത്, മങ്ങാട്ട്(വീട്), ഒഴുകൂർ എന്നവർ 11-06-2018 – ന് ഭവന നിർമ്മാണ കരാർ വെക്കുകയും 18-06-18 -ലെ 4/18-19 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 6,80,000 രൂപയിൽ നിന്നും ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യ ഗഡു ധനസഹായമായ 40,000 രൂപ കൈപ്പറ്റുകയും ചെയ്തു.

കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതും, കൈപ്പറ്റിയ തുക ഭവന നിർമ്മാണത്തിനായി വിനിയോഗം നടത്താതിരിക്കുകയോ ദുർവിനിയോഗം നടത്തുകയോ ചെയ്താൽ ധനസഹായ തുക 12% പലിശ സഹിതം തിരിച്ചടക്കേണ്ടതുമാണ്. ടിയാരി ഭവന നിർമ്മാണം ആരംഭിക്കാത്തതിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ, 06-06-2019 -ലെ 3/19 നമ്പർ കത്ത് പ്രകാരം പ്രസ്തുത തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുന്നതിനായി സെക്രട്ടറിയോട് അപേക്ഷിക്കുകയും തുക തിരിച്ചടവാക്കാൻ സെക്രട്ടറി നൽകിയ നോട്ടീസ് 21-06-2019 – ന് ടിയാരി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിത് വരെ തുക തിരിച്ചടവാക്കുകയോ ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തതായി ഫയലിൽ ഇല്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് 09-01-2020 -ന് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

ലൈഫ് മിഷൻ ഭവന പദ്ധതിയിൽ വീട് നിർമ്മാണത്തിന് ആദ്യ ഗഡുവായി കൈപ്പറ്റിയ 40,000 രൂപ കൊണ്ട് വീടിന്റെ തറപ്പണി പൂർത്തിയാക്കിയെങ്കിലും സ്ഥലം തന്ന ആൾ വഴി വിട്ടു തരാഞ്ഞതിനാൽ സാധനങ്ങൾ സൈറ്റിലെത്തിക്കാൻ കഴിയാതെ വരുകയും വീട് പണി പൂർത്തീകരിക്കാൻ പറ്റാതെ നിർത്തി വെക്കുകയുണ്ടായി. പണി തുടർന്ന് നടത്തുന്നതിന് പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും അപ്രകാരം ചെയ്യുകയുണ്ടായില്ല. പണി പൂർത്തീകരിച്ച് ബാക്കി പണം കൈപ്പറ്റുകയോ അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടക്കുകയോ ചെയ്യണമെന്ന് കാണിച്ച് നൽകിയ രജിസ്റ്റേർഡ് നോട്ടീസ് 21-06-2019 – ന് ടിയാരി കൈപ്പറ്റുകയും തുടർന്ന് പലിശ സഹിതം 1 മാസത്തിനുള്ളിൽ തിരിച്ചടക്കാമെന്ന് പറയുകയുമുണ്ടായി. പിന്നീട് ഇവർ പലിശ ഒഴിവാക്കി കിട്ടുന്നതിന് മലപ്പുറം ജില്ലാ കലക്ടർക്ക് അപേക്ഷ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ കോ- ഓർഡിനേറ്റർ,വില്ലേജ് ഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി,പ്രസിഡന്റ് എന്നിവരുടെ കമ്മറ്റി ചേർന്ന് ടിയാരിക്ക് ഭൂമി നൽകിയ വ്യക്തിയുമായി ചർച്ച നടത്തുന്നതിന് കലക്ടർ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ ഇതിൽ തുടർനടപടി സ്വീകരിക്കാൻ വൈകിയത് മൂലമാണ് നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലക്ക് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യാൻ വൈകിയതെന്നും ഒരാഴ്ചക്കുള്ളിൽ റവന്യൂ റിക്കവറി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

18-01-2020 – ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം അവതരിപ്പിക്കുകയുണ്ടായി. ഭരണ സമിതി ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ട് പല തവണ വഴിതർക്കമുള്ളയാളുമായി സംസാരിച്ചെങ്കിലും ടിയാൻ വിട്ടുവീഴ്ചക്ക് തയ്യാറല്ലെന്നും വീട് നിർമ്മാണം ഒരു വിധത്തിലും തുടരാൻ സാധിക്കില്ലെന്നുമാണ് അറിയിച്ചത്.

ഈ വിഷയത്തിൽ യഥാസമയം തുടർനടപടി സ്വീകരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ, സെക്രട്ടറി എന്നിവരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി കാണുന്നു. ആയതിനാൽ ടിയാരി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ 40,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-29 കൊടുത്ത തുകക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി 5,20,000 രൂപ KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ 2,93,754 രൂപയുടെ മരുന്ന് മാത്രമേ KMSCL നാളിത് വരെ ലഭ്യമാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/ പേര് | ബിൽ/ ചെക്ക്നമ്പർ/ തീയതി | തുക | മരുന്ന് ലഭിച്ചത് | | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ/ തീയതി | മരുന്നിന്റെ വില | |
| 15/19 PHC -യിലേക്ക് മരുന്ന് വാങ്ങൽ | 5/18-19/ 16-02-19 | 3,00,000 | 3331/ 15-06-19<br>3330/ 15-06-19 | 48,221<br>29,093 | 222686 |
| 18/19 പാലിയേറ്റീവ് പരിരക്ഷാ ഹോം കെയർ പദ്ധതി | 6/18-19/ 16-02-19<br>5644229/ 28-03-19 | 1,50,000<br>70,000 | 8760/ 19-11-19<br>6839/ 22-10-19<br>2126/ 17-05-19<br>3064/ 05-06-19<br>1622/ 09-05-19 | 15,692<br>45,965<br>45498<br>47330<br>23,675 | 41840 |
| | ആകെ | 520000 | | 255474 | 264526 |

അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് 16-01-2020ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 17-1-2020ന് നൽകിയ മറുപടിയിൽ ആകെ 293754 രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും 255474/-രൂപയുടെ മരുന്നിന്റെ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 2,64,526 രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്. ആയത് വരെ 2,64,526 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-30 വിദ്യാലയത്തിലോ ഡേ കെയർ സെന്ററിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന

## ഗുണഭോക്താവിന് അധിക ധനസഹായം നൽകി

14-02-18 -ലെ സ.ഉ(എം.എസ്)22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 7.1.6(ഡി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർക്ക് പ്രതിമാസ ബത്തയായി 1000/- രൂപ നൽകാവുന്നതാണ്. ഇവർക്ക് മറ്റ് തരത്തിലുള്ള ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 144/19, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിലുൾപ്പെട്ട മാനസിക വെല്ലുവിളികൾ നേരിടുന്ന ഉനൈസ്.പി, കണ്ണിത്തൊടി(വീട്), മൊറയൂർ എന്ന ഗുണഭോക്താവ് ഹാജരാക്കിയ സ്കോളർഷിപ്പിനുള്ള അപേക്ഷ ഫോറത്തിൽ, സമ്മിശ്ര വൈകല്യം ബാധിച്ച് സ്കൂളിലോ ഡേ കെയർ സെന്ററിലോ പോകാൻ കഴിയാത്ത കുട്ടിയായതിനാൽ പ്രതിമാസ ബത്ത 1000/- രൂപ വീതം 12 മാസത്തേക്ക് അനുവദിക്കാവുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ 29-03-2019 – ലെ 5644227 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 299591 രൂപയിൽ 28,500 രൂപ ടിയാന്റെയും മാതാവ് ശ്രീമതി. സഫിയയുടെയും പേരിൽ എസ്.ബി.ഐ മോങ്ങം ബ്രാഞ്ചിലുള്ള 67185787167 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. ടിയാന് ലഭിക്കാൻ അർഹതയുള്ള 12,000 രൂപക്ക് പകരം 28,500 രൂപ നൽകിയത് വഴി 16,500 രൂപ അധികം നൽകിയതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 15-01-2020 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എന്റെ പ്രാഥമിക അന്വേഷണത്തിൽ കുട്ടി എവിടെയും പോകുന്നില്ല എന്നറിഞ്ഞപ്പോൾ അപേക്ഷയിൽ അങ്ങനെ എഴുതിയെന്നും എന്നാൽ കുട്ടി ബഡ്സ് സ്കൂളിൽ 01-06-17 – ന് അഡ്മിഷൻ നേടിയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടിയുടെ കൂടെ കുട്ടിയുടെ മാതാവ് എഴുതിയതെന്ന് കാണിച്ചുള്ള കത്തിൽ കാലുകൾക്ക് ബലക്ഷയം വന്നത് മൂലം സ്കൂളിൽ പോകാൻ കഴിയാതെ കിടപ്പിലാണെന്ന് കാണിച്ചിട്ടുണ്ട്. 2018-19 -ൽ കുട്ടി ബഡ്സ് സകൂളിൽ പോയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖയൊന്നും നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തന്റെ അന്വേഷണ റിപ്പോർട്ട് തെറ്റായിരുന്നുവെന്ന നിർവ്വഹണോദ്യാഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.

ആയതിനാൽ ടിയാന് 2018-19 വർഷത്തേക്ക് അർഹമായ 12,000 രൂപ കിഴിച്ച് ബാക്കിയുള്ള 16,500 രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 16,500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 വിദ്യാലയത്തിലോ ഡേ കെയർ സെന്ററിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് അധിക ധനസഹായം നൽകി

14-02-18 -ലെ സ.ഉ(എം.എസ്)22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 7.1.6(ഡി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർക്ക് പ്രതിമാസ ബത്തയായി 1000/- രൂപ നൽകാവുന്നതാണ്. ഇവർക്ക് മറ്റ് തരത്തിലുള്ള ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 144/19, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിലുൾപ്പെട്ട മാനസിക വെല്ലുവിളികൾ നേരിടുന്ന ഉനൈസ്.പി, കണ്ണിത്തൊടി(വീട്), മൊറയൂർ എന്ന ഗുണഭോക്താവ് ഹാജരാക്കിയ സ്കോളർഷിപ്പിനുള്ള അപേക്ഷ ഫോറത്തിൽ, സമ്മിശ്ര വൈകല്യം ബാധിച്ച് സ്കൂളിലോ ഡേ കെയർ സെന്ററിലോ പോകാൻ കഴിയാത്ത കുട്ടിയായതിനാൽ പ്രതിമാസ ബത്ത 1000/- രൂപ വീതം 12 മാസത്തേക്ക് അനുവദിക്കാവുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ 29-03-2019 – ലെ 5644227 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 299591 രൂപയിൽ 28,500 രൂപ ടിയാന്റെയും മാതാവ് ശ്രീമതി. സഫിയയുടെയും പേരിൽ എസ്.ബി.ഐ മോങ്ങം ബ്രാഞ്ചിലുള്ള 67185787167 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. ടിയാന് ലഭിക്കാൻ അർഹതയുള്ള 12,000 രൂപക്ക് പകരം 28,500 രൂപ നൽകിയത് വഴി 16,500 രൂപ അധികം നൽകിയതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 15-01-2020 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എന്റെ പ്രാഥമിക അന്വേഷണത്തിൽ കുട്ടി എവിടെയും പോകുന്നില്ല എന്നറിഞ്ഞപ്പോൾ അപേക്ഷയിൽ അങ്ങനെ എഴുതിയെന്നും എന്നാൽ കുട്ടി ബഡ്സ് സ്കൂളിൽ 01-06-17 – ന് അഡ്മിഷൻ നേടിയതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടിയുടെ കൂടെ കുട്ടിയുടെ മാതാവ് എഴുതിയതെന്ന് കാണിച്ചുള്ള കത്തിൽ കാലുകൾക്ക് ബലക്ഷയം വന്നത് മൂലം സ്കൂളിൽ പോകാൻ കഴിയാതെ കിടപ്പിലാണെന്ന് കാണിച്ചിട്ടുണ്ട്. 2018-19 -ൽ കുട്ടി ബഡ്സ് സക്കൂളിൽ പോയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖയൊന്നും നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തന്റെ അന്വേഷണ റിപ്പോർട്ട് തെറ്റായിരുന്നുവെന്ന നിർവ്വഹണോദ്യാഗസ്ഥയുടെ മറുപടി സ്വീകാര്യമല്ല.

ആയതിനാൽ ടിയാന് 2018-19 വർഷത്തേക്ക് അർഹമായ 12,000 രൂപ കിഴിച്ച് ബാക്കിയുള്ള 16,500 രൂപയിൽ 8000/-രൂപ 2019-20ലേക്ക് ക്രമീകരിക്കേണ്ടതും 04-11-2019ന് 18 വയസ്സ് തികയുന്ന ടിയാന് 2019-20 വർഷത്തേക്ക് 8000/-രൂപ കൂടി അനുവദിക്കാവുന്നതാണ്. (4/19 മുതൽ 11/19വരെ) അവശേഷിക്കുന്ന 8500/-രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. 8,500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.2019-20ൽ ടിയാൻ സ്കോളർഷിപ്പിനത്തിൽ തുക കൈപ്പറ്റിയിട്ടില്ലെന്നുറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-07-19 മുതൽ 23-07-19 വരെ | കെ.എസ്.എ.എം.പി.എം22/1198/2019/03.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 605120 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്ട് നമ്പർ:03/19 | 600000 | 5120 |
| | 2018-19 | 299591 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:144/19 | 299591 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:144/19 | 150000 | 0 |
| | 2018-19 | 100000 | പാലിയേറ്റീവ് പരിരക്ഷ, പ്രൊജക്ട് നമ്പർ:18/19 | 99586 | 414 |
| | 2018-19 | 1732640 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്ട് നമ്പർ:03/19 | 1720000 | 12640 |
| | 2018-19 | 400000 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (എസ്.സി) , പ്രൊജക്ട് നമ്പർ:08/19 | 160000 | 240000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | സമഗ്ര | ചെക്ക് | 200000 | 200000 | പൂർത്തീകരിച്ച്, (വിനിയോഗ | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കുടിവെള്ളപദ്ധതിക്ക് സർവ്വെ ചാർജ്, 222/19 | നം.499740/ 17-07-2018 | | | സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | |
| കെ.ഡബ്ല്യൂ.എ | സമഗ്ര കുടിവെള്ള പദ്ധതിക്ക് സർവ്വെ ചാർജ്, 265/19 | ചെക്ക് നം.175677/ 19-03-2018 | 75000 | 75000 | പൂർത്തീകരിച്ചു, (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | 0 |
| കെ.എസ്.ഇ.ബി | മോങ്ങം കാരനാട് ത്രീഫേസ് ലൈൻ ദീർഘിപ്പിക്കൽ | ചെക്ക് നം.619092/ 28-09-2019 | 263552 | 263552 | പൂർത്തീകരിച്ചു, (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു) | 0 |

# 4-4 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1050122 | 0 | 0 | 0 | 1050122 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1033398 |
| തൻ വർഷം നിക്ഷേപിച്ച തുക | 69307 |
| ആകെ | 1102705 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1102705 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| 245832(കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ) | 1102705 | ലഭ്യമാക്കിയിട്ടില്ല |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 1024 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീത്/ട്രഷറി ചലാൻ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2 | 5980 | ശ്രീ. കെ ഗോപാലകൃഷ്ണൻ, സെക്രട്ടറി, മൊറയൂർ ഗ്രാ.പ. | 118080109359-118080109391/12-03-2019 |
| 2017-18 | 3-3 | 4044 | ശ്രീമതി. ദേവിക സി, അസി. എഞ്ചിനിയർ | 04077100039/04-01-2019 |

കുറിപ്പ്:- ഈ ഇനത്തിൽ ലഭിച്ച തുക AFS-ൽ റിക്കവറിയിനത്തിൽ ചേർത്തിട്ടില്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | | | നടപടി തുടർന്ന് വരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 49-1 | ശ്രീമതി. ലളിത എ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF2732/ sp.cell/ sc5/04 dt 30.10.04 | 13339/- | -- | -- | -- | -- | -- | 13339/- |
| 2 | 1998-99 | 43 | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ spl.cell/ sc5/04 dt 12.12.05 | 2963/- | -- | -- | -- | -- | -- | 2963/- |
| 3 | 1998-99 | 29(b) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ spl.cell/ sc5/04 dt 12.12.05 | 2500/- | -- | -- | -- | -- | -- | 2500/- |
| 4 | 1999-00 | 3-12,3-13, 3-14,3-15, 3-16,3-17, 3-23, 3-23(b), 3-24, 3-26(1), 3-26(2), 3-26(3), 3-27,3-28, 3-29, 3- | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.cell/ SC5/07 24.03.09/ 28.04.09 | 100367/- | -- | -- | 100367/- (OP74/ 09 Allowed 30-11-17) | -- | -- | 100367/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30,3-31, 3-32, 3-33, 3-34,3-35, 3-38, 3-52(1), 3-52(2). | | | | | | | | | |
| 5 | 1999-00 | 3(8), 3(9) 3(10) 3(11), 3(20) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.cell/ SC5/07 24.03.09/ 28.04.09 | 6740/- | -- | -- | -- | -- | -- | 6740/- |
| 6 | 2001-02 | 3-5 | ശ്രീമതി. കെ.പി രതി, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18849/ Spl.cell/ SC5/06 7.5.09/ 11.5.09 | 7875/- | -- | -- | -- | -- | -- | 7875/- |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68372584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68423217 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 474785 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8500 | ശ്രീമതി. ആസ്യ വാക്കയിൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 8500 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 34960 | ശ്രീമതി. റിസ്‌വാന പുലിക്കുത്ത്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-24 | 135299 | |
| 1-28 | 40000 | ശ്രീമതി. മീനാക്ഷി ടി, വി.ഇ.ഒ |
| 1-29 | 264526 | ഡോ.ഷമീമ തസ്നി അവുഞ്ഞിപ്പുറം, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 474785 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ആസ്യ വാക്കയിൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മൊറയൂർ ഗ്രാമപഞ്ചായത്ത് | അലുവൻ വീട്, മുണ്ടുപറമ്പ് പി.ഒ, മലപ്പുറം, പിൻ:676509 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-1986 | എൽ എഫ് എം 11/897/2013 തിയ്യതി 11.03.14 | 1 |
| 1986-1987<br>1987-1988 | എൽ എഫ് എം7/937/97 തിയ്യതി 23.10.10 | 5 |
| 1988-1989 | എൽ എഫ് എം7/938/97 തിയ്യതി 23.10.10 | 13 |
| 1990-1991 | എൽ എഫ് എം10/229/95 തിയ്യതി 23.10.10 | 10 |
| 1991-1992 | എൽ എഫ് എം10/606/93 തിയ്യതി 23.10.10 | 12 |
| 1994-1995<br>1995-1996 | എൽ എഫ് എം14/561/13 | 10 |
| 1997-1998 | എൽ എഫ് എം14/1600/03 തിയ്യതി 23.10.10 | 14 |
| 1998-1999 | എൽ എഫ് എം17/514/03 തിയ്യതി 23.10.10 | 19 |
| 1999-2000 | എൽ എഫ് എം17/1279/03 തിയ്യതി 23.10.10 | 22 |
| 2000-2001 | എൽ എഫ് എം17/417/05 തിയ്യതി 23.10.10 | 29 |
| 2001-2002 | എൽ എഫ് എം17/199/05 | 7 |
| 2002-2003 | എൽ എഫ് എം8/2451/07 തിയ്യതി 23.10.10 | 4 |
| 2003-2004 | എൽ എഫ് എം8/2452/07 തിയ്യതി23.10.10 | 5 |
| 2004-2005 | എൽ എഫ് എം10/2153/08 തിയ്യതി 06.7.09 | 4 |
| 2005-2006 | എൽ എഫ് എം10/565/10 തിയ്യതി 03.6.10/5.1/11 | 4 |
| 2006-2007 | എൽ എഫ് എം10/566/10 തിയ്യതി 03.6.10/5.1/11 | 8 |

| | | |
|---|---|---|
| 2007-2008 | എൽ എഫ് എം14/1450/10 തിയ്യതി 11.11.10/26.4.11 | 22 |
| 2008-09,09-10, 10-11 | എൽ എഫ് എം11/2461/13 തിയ്യതി 07.04.14 | 21 |
| 2011-12,12-13 | എൽ എഫ് എം11/225/15 തിയ്യതി 26.08.17 | 5 |
| 2013-14,14-15 | കെ എസ് എ എം പി എം 11/2013/16 തിയ്യതി 01.7.17 | 2 |
| 2015-2016 | കെ.എസ്.എ.എം.പി.എം11/3020/2016 തീയതി. 25/01/2017 | 6 |
| 2016-2017 | കെ.എസ്.എ.എം.പി.എം.22/1827/2017 തീയതി: 23-08-17 | 21 |
| 2017-2018 | കെ.എസ്.എ.എം.പി.എം.22/50/2019 തീയതി: 31-10-19 | 11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം 22/1198/2019 കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 03.08.2019

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( **ഹയർ ഗ്രേഡ്**)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.